പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11/06/2019-ൽ

നിയമസഭാ ചോദ്യം നം.1341 മറുപടിയ്ക്ക്

**കളത്തൂർ കോളേജിനുവേണ്ടി ഭൂമി കൈമാറ്റം നടത്തുന്നത് സംബന്ധിച്ച നടപടി**

| ചോദ്യം<br>**ശ്രീ.കെ. ആൻസലൻ** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ളതും കളത്തൂർ ഗവൺമെന്റ് കോളേജിനു വേണ്ടി നൽകാൻ ഉദ്ദേശിക്കുന്നതുമായ അഞ്ചേക്കർ ഭൂമിയുടെ കൈമാറ്റം സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നു വിശദമാക്കുമോ; | (എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ കൈവശമുള്ള 5 ഏക്കർ ഭൂമി കളത്തൂർ കോളേജിനായി കൈമാറിയിട്ടില്ല |
| (ബി) കളത്തൂർ ഗവൺമെന്റ് കോളേജിന് ഭൂമി കൈമാറ്റം നടത്തുന്നതിന് ഇനി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) കളത്തൂർ ഗവൺമെന്റ് കോളേജിന്റെ പ്രവർത്തനത്തിനായി 5 ഏക്കർ സ്ഥലം കൈമാറുന്നതിലേക്കായി കളത്തൂർ ഗവൺമെന്റ് സ്കൂളിന്റെ പ്രവർത്തനത്തിനും ഭാവി വികസന പദ്ധതികൾക്കും ആവശ്യമായ ഭൂമി വേർതിരിച്ച് ടി സ്കൂളിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കി, 5 ഏക്കർ സ്ഥലം കളത്തൂർ ഗവൺമെന്റ് കോളേജിന്റെ ആവശ്യത്തിനായി മാറ്റി നിർത്തി വിശദവിവരം അടിയന്തിരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) കളത്തൂർ കോളേജിനു ഭൂമി കൈമാറ്റം ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടോ, വ്യക്തമാക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

Namitha. T

**സെക്ഷൻ ഓഫീസർ**